FACT

# എഫ്.എ.സി.ടി.യിൽ അപ്രന്റിസുകളുടെ ഒഴിവ്.

എഫ്.എ.സി.ടി. യിൽ അപ്രന്റിസ് ആക്ട് പ്രകാരം പരിശീലനം നല്കുന്നതിനു അപ്രന്റിസുകളെ തെരഞ്ഞെടുക്കുന്നു. താഴെപ്പറയുന്നവരെയാണ് തെരഞ്ഞെടുക്കുക.

## 1. ടെക്നിഷ്യൻ അപ്രന്റിസ്

| | | |
|---|---|---|
| പരിശീലന കാലാവധി | : | ഒരു വർഷം (പ്രതിമാസ സ്റ്റൈപ്പെന്റ് ₹8000) |
| വിദ്യാഭ്യാസ യോഗ്യത | : | കെമിക്കൽ, കംപ്യൂട്ടർ, സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലട്രോണിക്സ് , ഇലട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, ഇൻസ്ട്രുമെന്റ് ടെക്നോളജി, മെക്കാനിക്കൽ , ഡിപ്ലോമ ഇൻ കൊമേഷ്യൽ പ്രാക്ടീസ് എന്നിവയിലുള്ള 60% ൽ കുറയാതെയുള്ള ഫസ്റ്റ് ക്ലാസ്സ് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ. എസ് .സി /എസ്.ടി വിഭാഗത്തിൽപെട്ടവർക്ക് 50% മാർക്ക് ഉണ്ടായിരിക്കണം. |
| തെരഞ്ഞെടുപ്പിനുള്ള മറ്റ് മാനദണ്ഡങ്ങൾ | : | ഡിപ്ലോമ പാസ്സായതിനു ശേഷം 31.03.2019 ന് മൂന്ന് വർഷം കവിയാൻ പാടില്ല. |
| പ്രായപരിധി | : | 2019 ജനുവരി 01 ന് 23 വയസ്സ് കവിയരുത്.എസ്.സി / എസ് ടി (5 വർഷം) /ഒബിസി (3 വർഷം) വയസ്സിളവിനു അർഹത ഉണ്ടായിരിക്കും. ജനറൽ - 02.01.1996 നോ അതിനു ശേഷമോ ജനിച്ചവർ,ഒബിസി - 02.01.1993 നോ അതിന് ശേഷമോ ജനിച്ചവർ, എസ് സി/എസ് ടി - 02.01.1991 നോ അതിന് ശേഷമോ ജനിച്ചവർ. |

## 2. ട്രേഡ് അപ്രന്റിസ്

| | | |
|---|---|---|
| പരിശീലന കാലാവധി | : | ഒരു വർഷം (പ്രതിമാസ സ്റ്റൈപ്പെന്റ് ₹6018 & ₹6770) |
| വിദ്യാഭ്യാസ യോഗ്യത | : | ഫിറ്റർ, മെഷീനിസ്റ്റ്, ഇലക്ട്രീഷ്യൻ, പ്ലംബർ, മെക്കാനിക്ക് മോട്ടർ വെഹിക്കിൾ, കാർപെന്റർ, മെക്കാനിക്(ഡീസൽ), ഇൻസ്ട്രുമെന്റ് മെക്കാനിക്ക്, വെൽഡർ, പെയിന്റർ ,സി ഒ പി എ),/ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്നി ട്രേഡുകളിൽ ഉള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| തെരഞ്ഞെടുപ്പിനുള്ള മറ്റ് മാനദണ്ഡങ്ങൾ | : | അതതു ട്രേഡുകളിൽ 60% മാർക്കോട് കൂടി ഐ.ടി.ഐ / ഐ.ടി.സി പാസ്സായിരിക്കണം (എൻ.സി.വി.റ്റി അംഗീകൃതം). എസ്/എസ്ടി വിഭാഗത്തിൽപെട്ടവർക്ക് 50% മാർക്ക് ഉണ്ടായിരിക്കണം. |
| പ്രായപരിധി | : | 2019 ജനുവരി 01 ന് 23 വയസ്സ് കവിയരുത്.എസ്.സി / എസ് ടി (5 വർഷം) /ഒബിസി (3 വർഷം) വയസ്സിളവിനു അർഹത ഉണ്ടായിരിക്കും. ജനറൽ - 02.01.1996 നോ അതിനു ശേഷമോ ജനിച്ചവർ,ഒബിസി - 02.01.1993 നോ അതിന് ശേഷമോ ജനിച്ചവർ, എസ് സി/എസ് ടി - 02.01.1991 നോ അതിന് ശേഷമോ ജനിച്ചവർ. |

| ട്രേഡ്/ ഡിപ്ലോമ | ഡിസിപ്ലിൻ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| ഡിപ്ലോമ | കെമിക്കൽ എഞ്ചിനീയറിംഗ് | 15 |
| | കംപ്യൂട്ടർ എഞ്ചിനീയറിംഗ് | 13 |
| | സിവിൽ എഞ്ചിനീയറിംഗ് | 5 |
| | ഇലക്ട്രിക്കൽ /ഇലക്ട്രിക്കൽ ആന്റ് ഇലട്രോണിക്സ് എഞ്ചിനീയറിംഗ് | 5 |
| | ഇൻസ്ട്രുമെന്റ് ടെക്നോളജി / ഇലട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് | 4 |
| | മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 10 |
| | ഡിപ്ലോമ ഇൻ കൊമേഷ്യൽ പ്രാക്ടീസ് | 5 |
| | ആകെ | **57** |
| ട്രേഡ് | ഫിറ്റർ | 24 |
| | മെഷിനിസ്റ്റ് | 8 |
| | ഇലക്ട്രീഷ്യൻ | 15 |
| | പ്ലംബർ | 4 |
| | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 6 |
| | കാർപെന്റർ | 2 |
| | മെക്കാനിക്(ഡീസൽ) | 4 |
| | ഇൻസ്ട്രുമെന്റ് മെക്കാനിക്ക് | 12 |
| | വെൽഡർ ( ഗ്യാസ്& ഇലക്ട്രിക്) | 9 |
| | പെയിന്റർ | 2 |
| | സി ഒ പി എ,/ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | 12 |
| | ആകെ | **98** |

## കുറിപ്പ്

1. മുകളിൽ പറഞ്ഞിരിക്കുന്ന ട്രേഡ്/ഡിസിപ്ലിൻ ഉള്ളവർ മാത്രമേ പരീക്ഷയിൽ പങ്കെടുക്കേണ്ടതുള്ളൂ മറ്റു ഡിപ്ലോമകളോ തുല്യ ഡിപ്ലോമകളോ പരിഗണിക്കുന്നതല്ല.

## അപേക്ഷിക്കേണ്ടവിധം

1. ഫാക്ട് വെബ് സൈറ്റ് ആയ www.fact.co.in നിന്നും ഐടിഐ /ഡിപ്ലോമ അപേക്ഷാഫോം -ന്റെ ലിങ്കിൽ ഓൺലൈനായി 2019 ജനുവരി 23 നു മുമ്പായി അപേക്ഷിക്കുക.

2. എല്ലാ സർട്ടിഫിക്കറ്റുക്കളുടെയും ഒറിജിനൽ .(എസ്എസ്എൽസി സർട്ടിഫിക്കറ്റ് ,ഡിപ്ലോമ സർട്ടിഫിക്കറ്റ് , മാർക്ക് ലിസ്റ്റ്, ഐ.ടി.ഐ / ഐ.ടി.സി സർട്ടിഫിക്കറ്റ്, ആധാർകാർഡ്, ഫോട്ടോയും, ഒപ്പും, എസ് സി /എസ് ടി /ഒബിസി(നോൺ ക്രീമി ലെയർ)) സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ് ഒറിജിനൽ സ്കാൻ ചെയ്യാത്തതും വൈകി ലഭിക്കുന്നതും വ്യക്തമല്ലാത്ത ഫോട്ടോയും, ഒപ്പും, സർട്ടിഫിക്കറ്റുകളും ഉള്ള അപേക്ഷകൾ നിരസിക്കുന്നതാണ്.

3. അഡ്മിറ്റ് കാർഡ് ഇമെയിൽ വിലാസത്തിൽ അയച്ചു തരുന്നതും അതിൽ ഫോട്ടോ പതിപ്പിച്ച് പൂരിപ്പിച്ച്. എല്ലാ സർട്ടിഫിക്കറ്റുക്കളുടെയും ഒറിജിനലും തിരിച്ചറിയൽ കാർഡും പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്. എസ് സി /എസ് ടി /ഒബിസി സർട്ടിഫിക്കറ്റുകളുടെ ഒർജിനലും അറ്റസ്റ്റ് ചെയ്ത കോപ്പിയും കൊണ്ടുവരേണ്ടതാണ്.(തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ഓഫീസറിൽ നിന്നും ആറു മാസത്തിനുള്ളിൽ ലഭിച്ചതോ / സാധുവായതോ). വികലാംഗർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്. യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റും, പരീക്ഷ തീയതിയും www.fact.co.in - ൽ പ്രസിദ്ധികരിക്കുന്നതാണ്. (ഇമെയിൽ വിലാസം വളരെ ശ്രദ്ധയോടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്).

4. മാർക്കിനു പകരം ഗ്രേഡ്(സി.ജി.പി.എ)ലഭിച്ചിട്ടുള്ള ഡിപ്ലോമ അപേക്ഷകർ, ഗ്രേഡിനെശതമാനമാക്കി മാറ്റുന്നതിന് അതാതു സർവ്വകലാശാലകൾ /ബോർഡുകൾ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് യു.പി.എസ്.സി യുടെ സി.ജി.പി.എ കൺവേർഷൻ ഫോർമുല ബാധകമായിരിക്കും.

**നിബന്ധനകൾ**

1. വികലാംഗവിഭാഗത്തിലുള്ളവരെ സി ഒ പി എ,/ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് / കമ്പ്യൂട്ടർ അപ്രന്റിസിനു മാത്രമേ പരിഗണിക്കു.

2. സ്റ്റൈപ്പന്റും പരിശീലന കാലാവധിയും അപ്രന്റിസ് ആക്ടിനു അനുസൃതമായിരിക്കും.

3. തെരഞ്ഞെടുപ്പ് താഴെപറയുന്ന ഉപാധികൾ അനുസരിച്ചായിരിക്കും.

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യതാമാർക്ക് | 50% |
| എഴുത്തു പരീക്ഷ | 50% |

4. ഡിപ്ലോമ അപേക്ഷകർ അപ്രന്റിസ് ട്രെയിനിംഗ് ബോർഡിന്റെ (**www.mhrdnats.gov.in**) വെബ്സൈറ്റിൽ ***"student"*** വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.

5. ഐ.ടി.ഐ / ഐ.ടി.സി അപേക്ഷകർ റീജിയണൽ ഡയറക്ടറേറ്റ് ഓഫ് അപ്രന്റിസ് ട്രെയിനിംഗിൻെറ (www.ncvtmis.gov.in / www.apprenticeship.gov.in) വെബ്സൈറ്റിൽ "***Apprenticeship Registration***" വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.

   നാഷണൽ അപ്രന്റിസ് ടെയിനിംഗ് രജിസ്ട്രേഷൻ നമ്പർ അപ്‌ലോഡുചെയ്തിട്ടുള്ളവരെ മാത്രമേ പ്രവേശനപരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളു.

6. ഫാക്ട് ജീവനക്കാരുടെ ആശ്രിതർ, എഴുത്തു പരീക്ഷയ്ക്ക് വരുമ്പോൾ എച്ച്.ആർ.ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്ന ആശ്രിത സർട്ടിഫിക്കറ്റ് കൊണ്ടു വരണം.

7. ഇതേക്കുറിച്ചുള്ള വിശദവിവരങ്ങൾ (www.fact.co.in) എന്ന വെബ്സൈറ്റിൽ ലഭിക്കും

8. ഫാക്ട് വേറൊരു വെബ്സൈറ്റിനേയും ഈ പരസ്യം പ്രസിദ്ധപ്പെടുത്താൻ അധികാരപ്പെടുത്തിയിട്ടില്ല. മറ്റ് വെബ്സൈറ്റുകളിൽ വരുന്ന തെറ്റായ വിവരങ്ങൾക്ക് ഫാക്ട് ഉത്തരവാദിയല്ല.
9. ഈ അറിയിപ്പിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടായാൽ ആ വിവരം ഫാക്ട് വെബ്സൈറ്റിൽമാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. പത്രങ്ങളിലൂടെയുള്ള അറിയിപ്പ് ഉണ്ടാകുന്നതല്ല.

ചീഫ് ജനറൽ മാനേജർ (ട്രെയിനിംഗ് & ഡെവലപ്മെന്റ്)